**കേരള സർക്കാർ**
**ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്**
**ജില്ല ഇൻഫർമേഷൻ ഓഫീസ്, ആലപ്പുഴ-688 001**
**ഫോൺ: 0477-2251349; ഇ-മെയിൽ: prdalppy@gmail.com,**
**വെബ്സൈറ്റ്: www.prd.kerala.gov.in**

---

**പത്രക്കുറിപ്പ് 3 'ഭരണഭാഷ-മാതൃഭാഷ' 2018 ഒക്ടോബർ 09**

---

## സഹായധനം 15നകംലഭിക്കുമെന്ന് ജില്ല കളക്ടർ

ആലപ്പുഴ: പ്രളയ ദുരിതാശ്വാസ സഹായധനമായി 10000രൂപ ഇനിയും ലഭിക്കാത്ത അർഹരായവർക്ക് ഒക്ടോബർ 15നകം തുക ലഭിക്കുമെന്ന് ജില്ല കളക്ടർ എസ്.സുഹാസ് അറിയിച്ചു. ഒക്ടോബർ 15 വരെ ലഭിച്ചില്ലെങ്കിൽ അക്കൗണ്ടിലെ പിഴവുകൾ മാത്രമാണെന്നും ആയതിനാൽ പാസ് ബുക്ക്, ആധാർ കാർഡ്, റേഷൻ കാർഡ് എന്നിവയുടെ പകർപ്പുമായി അതതു താലൂക്കുകളിൽ ചെന്ന് പിഴവുകൾ പരിഹരിച്ച് തുക കൈപ്പറ്റേണ്ടതാണെന്നും ജില്ല കളക്ടർ അറിയിച്ചു.

## ജലസ്രോതസുകൾ മലിനമാക്കുന്നത് ക്രിമിനൽ കുറ്റമാക്കുന്ന നിയമം വരുമെന്ന് മന്ത്രി മാത്യു ടി.തോമസ്

ആലപ്പുഴ; ജലസ്രോതസുകൾ മലിനമാക്കുന്നത് ക്രിമിനൽ കുറ്റമാക്കുന്ന നിയമം കൊണ്ടുവരുമെന്ന് ജലവിഭവമന്ത്രി മാത്യു ടി.തോമസ്. ആലപ്പുഴയിലെ പ്രധാന കനാലുകൾ നവീകരിക്കുന്നതിന് 108 കോടി രൂപയുടെ പ്രവൃത്തികൾ നടക്കുകയാണ്. ഇതിനുപുറമേ 14 ഇടത്തോടുകളുടെ ആഴം കൂട്ടുന്ന പണിയും നടത്തും. ആലപ്പുഴ നഗരസഭയിലെ മുതലപ്പൊഴി നവീകരണത്തിന്റെ രണ്ടാം ഘട്ടം ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി.

മാലിന്യസംസ്കരണരംഗത്ത് സംസ്ഥാനത്തിനാകെ മാതൃകയാകുന്ന പ്രവർത്തനങ്ങളാണ് ആലപ്പുഴ കാഴ്ചവയ്ക്കുന്നത്. അതോടൊപ്പം ജലസ്രോതസുകളുടെ സംരക്ഷണത്തിനും ജില്ല കൃത്യമായ പദ്ധതികളാണ് ആവിഷ്കരിക്കുന്നത്. വരട്ടാർ പുഴ നവീകരണം സംസ്ഥാനത്താകെ തന്നെ ഈ ദിശയിൽ പ്രവർത്തനത്തിന് വലിയ പ്രചോദനമാണ് നൽകിയത്. തിരുവനന്തപുരത്തെ മാലിന്യ കൂമ്പാരമായിരുന്ന പാർവതീപുത്തനാറിന്റെ നവീകരണത്തിന് വരട്ടാർ പുനരുജ്ജീവനമാണ് മാതൃകയായത്-അദ്ദേഹം പറഞ്ഞു.

ചെറുപ്പകാലത്ത് നമ്മൾ അനുഭവിച്ച സൗഭാഗ്യവും സന്തോഷവും നമ്മുടെ മക്കൾക്ക് നിഷേധിക്കരുതെന്ന് ചടങ്ങിൽ അധ്യക്ഷത വഹിച്ച ധനമന്ത്രി ഡോ.ടി.എം.തോമസ് ഐസക് പറഞ്ഞു. അവർ പുഴയിലും പറമ്പിലും കളിച്ചും മീൻ പിടിച്ചും വളരട്ടെ. കനാലുകളുടെ നവീകരണത്തിന്റെ മുഖ്യലക്ഷ്യം ഇതാണെന്ന് അദ്ദേഹം പറഞ്ഞു.

പൊഴിയിലേക്കു മാലിന്യം വലിച്ചെറിയുന്ന നമ്മുടെ ശീലങ്ങളിൽ മാറ്റം വരുത്തണം. ഇനിയങ്ങനെയുണ്ടാകില്ലെന്ന് ഓരോരുത്തരും തീരുമാനിക്കണം.

കനാലുകളുടെയും ഉപകനാലുകളുടേയും നവീകരണം മുൻകാലങ്ങളിൽ നിന്ന് വ്യത്യസ്തമായി ബണ്ടുകെട്ടിയടച്ച് ചെളിനീക്കം ചെയ്താ‌യിരിക്കും. ഇതോടൊപ്പം ആവശ്യമായ സ്ഥലങ്ങളിൽ ബണ്ടുകളുടെ ബലപ്പെടുത്തലും ഉണ്ടാകുമെന്ന് ധനമന്ത്രി അറിയിച്ചു.

നഗരസഭാധ്യക്ഷൻ തോമസ് ജോസഫ് മുഖ്യപ്രഭാഷണം നടത്തി. ഇറിഗേഷൻ വകുപ്പ് സൂപ്രണ്ടിങ് എഞ്ചിനിയർ ഫിലിപ്പ് മത്തായി റിപ്പോർട്ട് അവതരിപ്പിച്ചു. പ്രതിപക്ഷ നേതാവ് ഡി.ലക്ഷ്മണൻ, കൗൺസിലർമാരായ ബേബി ലൂയീസ്, പ്രദീപ്കുമാർ, ജോസ് ചെല്ലപ്പൻ, ഇറിഗേഷൻ എക്സിക്യൂട്ടീവ് എഞ്ചിനിയർ കെ.പി.ഹരൻബാബു തുടങ്ങിയവർ പങ്കെടുത്തു.